# INDIAN SCHOOL AL WADI AL KABIR

## MID TERM EXAMINATION 2025 -26

## MALAYALAM (012)

Date: 21/09/2025 Time Allowed :3 Hours

Class: IX Maximum Marks: 80

*General Instructions:*

1. Please check that this question paper contains **8** questions and **9** printed pages.
2. This question paper is divided into four sections:

   Section A - Reading Comprehension – 15 Marks

   Section B - Creative Writing – 14 Marks

   Section C - Grammar – 15 Marks

   Section D - Literature – 36 Marks

### എ വിഭാഗം ( SECTION : A )

**1. താഴെ കൊടുത്തിരിക്കുന്ന കവിതാഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും 1 മാർക്ക് വീതം) (8X1=8)**

വേവലാതിയാണെപ്പോഴുമെങ്കിൽ
ജീവിതം കൊണ്ടു കാര്യമെന്താവോ ?
പുഞ്ചിരി തൂകി നിൽക്കുമുഷസ്സും
പൂഞ്ചിറകു വിടർത്തും കിളിയും
പൂവണിഞ്ഞു ചമഞ്ഞവനിയും
ജീവിതത്തോടൊരുമ്മ യാചിക്കെ
നേരമില്ലേ നമുക്കൊന്നു നിൽക്കാൻ ?
നേരെ നിന്നൊന്നു നോക്കി രസിക്കാൻ ?
കാഴ്ചവയ്ക്കുവാൻ മുത്തുകളേന്തി
കാട്ടുപുല്ലുകൾ നീളവേ നിൽക്കേ,
അമ്പലത്തിൻ നടയിലനേകം
ചമ്പകങ്ങൾ വിടർന്നാടി നിൽക്കേ

പൂങ്കവിളിൽ പവിഴപ്പൊളിയിൽ
പൂങ്കിനാക്കളൊളി വിതറുമ്പോൾ,
അമ്മമാരുടെ കൈവിരൽത്തുമ്പി-
ലുമ്മ വച്ചു കിടാങ്ങൾ നടക്കെ
കണ്ണടച്ചു ജപിച്ചു നടന്നു
വിണ്ണിലെന്തു കൊതിക്കുന്നു നമ്മൾ ?
താലോലിച്ചിടുകെന്നെയെന്നാ-
ത്താമരക്കുളം മാടിവിളിക്കെ
നിൽക്കാതോടുന്നു നമ്മളാപ്പാച്ചിൽ
നോക്കി നിൽക്കുന്നു കാലികൾ പോലും !

**ചോദ്യങ്ങൾ**

(i) പുഞ്ചിരി തൂകി നിൽക്കുന്നതാരാണ് ?

(ii) ആരാണ് പൂഞ്ചിറക് വിടർത്തി നിൽക്കുന്നത് ?

(iii) നമുക്ക് എന്തിനാണ് നേരമില്ലാത്തത് ?

(iv) കാഴ്ചവയ്ക്കുവാൻ മുത്തുകളേന്തി നിൽക്കുന്നതെന്ത് ?

(v) ചമ്പകങ്ങൾ എവിടെയാണ് വിടർന്ന് നിൽക്കുന്നത് ?

(vi) പൂങ്കിനാക്കൾ ഒളിവിതറുന്നത് എവിടെയാണ് ?

(vii) കിടാങ്ങൾ എങ്ങനെയാണ് നടക്കുന്നത് ?

(viii) 'താലോലിച്ചിടുകെന്നെ' എന്ന് മാടിവിളിക്കുന്നതാരാണ് ?

**2. താഴെ കൊടുത്തിരിക്കുന്ന കവിതാഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും 1 മാർക്ക് വീതം (7X1=7)**

ചുണ്ടു വിടർത്തുന്ന പൂവിലെല്ലാം
വണ്ടിനു വേണ്ടും മധു നിറച്ചു
ദന്തങ്ങൾ പോയ്ക്കവിളൊട്ടിപ്പോയ
കുന്നിനു യൗവനകാന്തി നൽകി
ഓടിനടന്നു കളിച്ചു മന്നിൻ
വാടി പുതുക്കും വെയിൽ നാളങ്ങൾ
പൊന്നിൻകസവുകൾ നെയ്തുതള്ളും

മഞ്ഞമുകിലിലൊളിഞ്ഞു നിന്നു
പച്ചിലക്കുമ്പിളിൽപ്പൂവറുത്തി -
ട്ടുത്രാടസന്ധ്യ തളർന്നു നിന്നു.
അന്തിവെട്ടത്തോടെത്തി ഞാനു-
മന്നത്തെയോണം നുകർന്ന നാട്ടിൽ
അൻപിൻ പൂപ്പുഞ്ചിരിപ്പോറ്റിപ്പോരും
തുമ്പകൾ മാടി വിളിക്കും നാട്ടിൽ,
പച്ചിലക്കാടിൻ കടവു താണ്ടി-
പ്പൈങ്കിളിപ്പാട്ടു വിതയ്ക്കും നാട്ടിൽ
കാവിൻ നടകളിലാണ്ടു തോറും
വേല, പൂരങ്ങൾ നിരക്കും നാട്ടിൽ
സത്യ സംസ്കാരത്തിടമ്പിൻ മുമ്പിൽ
വച്ച കെടാവിളക്കെങ്ങു പോയി ?

**<u>ചോദ്യങ്ങൾ</u>**

(i) വണ്ടിനു വേണ്ടി എന്താണ് ചെയ്തത് ?

(ii) ആർക്കാണ് യൗവനകാന്തി നൽകിയത് ?

(iii) പൊന്നിൻകസവുകൾ നെയ്തുതള്ളുന്നതാര് ?

(iv) ഉത്രാടസന്ധ്യ തളർന്നു നില്ക്കാൻ കാരണമെന്ത് ?

(v) അൻപിൻ പൂപ്പുഞ്ചിരിയുമായി മാടി വിളിക്കുന്നതാരാണ് ?

(vi) കാവിൻനടകളിൽ ആണ്ടുതോറും നടക്കാറുണ്ടായിരുന്നത് എന്ത് ?

(vii) സത്യ സംസ്കാരത്തിടമ്പിൻ മുമ്പിൽ വച്ചതെന്ത് ?

## <u>ബി - വിഭാഗം ( SECTION : B )</u>

**3. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

(a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക. **( 5 )**

(i) മാതൃഭാഷാ പഠനത്തിന്റെ പ്രാധാന്യം

OR

(ii) വൃദ്ധജനങ്ങളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

(b) നിങ്ങളുടെ പ്രദേശത്ത് ജലവിതരണം തുടർച്ചയായി മുടങ്ങുന്നത് അധികാരികളുടെയും ജനങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു വേണ്ടി ജനപ്രിയ പത്രത്തിന്റെ പത്രാധിപർക്ക് ഒരു കത്ത് തയ്യാറാക്കുക. **( 5 )**

(c) കേരള സർക്കാരിന്റെ മികച്ച ആരോഗ്യ പ്രവർത്തകനുള്ള പുരസ്കാരം നേടിയ നിങ്ങളുടെ പ്രദേശവാസിയായ ഡോക്ടറെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആദരിച്ചതിനെ അടിസ്ഥാനമാക്കി ഒരു പത്രവാർത്ത തയ്യാറാക്കുക. **( 4 )**

## സി - വിഭാഗം ( SECTION : C )

**4. (a) പ്രയോഗം മാറ്റുക. (2 X 1=2)**

(i) ഗുരുവിന്റെ നിർദേശം ജനങ്ങൾ നടപ്പിലാക്കി.

(ii) അന്ന് അവൻ തന്നെ സ്നേഹിച്ചിരുന്നു.

**(b) അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക. (2 X 1=2)**

(i) മണ്ണിൽ പലതരത്തിലുള്ള സൂക്ഷ്മജീവികൾ നിലനിൽക്കുന്നുണ്ടെങ്കിൽ അവ ഭക്ഷ്യവസ്തുക്കൾക്കുമേൽ ചെറിയപാടുകൾ ഉണ്ടാക്കും.

(ii) അമ്മേ എന്ന വിളി കേട്ടപ്പോൾ വൃദ്ധയ്ക്കു കുറച്ചു ശക്തി വീണ്ടു കിട്ടിയപോലെ അനുഭവപ്പെട്ടു.

**(c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. (2 X 1=2)**

(i) ഗുരുവിന്റെ സന്ദേശത്തിന്റെ അലകൾ ഇന്ത്യയുടെ മറ്റ് ഇതര ഭാഗങ്ങളിലേക്ക് പ്രവേശിക്കുന്ന ഒരു യുഗത്തിലാണ് നാം ജീവിക്കുന്നത്.

(ii) പുതുമ നശിക്കാത്ത ഭക്ഷ്യവസ്തുക്കളുടെ പോഷകമേന്മയെക്കുറിച്ച് എല്ലാ വിഭാഗം ആരോഗ്യവിദഗ്ധരും ഒരേ ഏകാഭിപ്രായക്കാരാണ്.

**(d) ഏതെങ്കിലും രണ്ടെണ്ണം, ആശയം വ്യക്തമാകുംവിധം വാക്യത്തിൽ പ്രയോഗിക്കുക. (2 X 1=2)**

(i) തള്ളിയിടുക (ii) പരിശോധിക്കുക (iii) ദൃക്സാക്ഷി

**5. തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. (7 X 1=7)**

(a) 'തേൻ ' എന്ന പദത്തിന്റെ പര്യായപദം തന്നിരിക്കുന്നവയിൽ ഏതാണ് ?

(A) ശൈലം (B) മധു

(C) ചിത്തം (D) ചൂതം

(b) 'പക്ഷി ' എന്ന പദത്തിന്റെ എതിർലിംഗപദം ഏത് ?

(A) പക്ഷിണി (B) പക്ഷൻ

(C) പക്ഷിക (D) പക്ഷം

(c) 'തമ്പി 'എന്ന പദത്തിന്റെ ശരിയായ അർത്ഥം ഇവയിൽ ഏതാണ് ?

(A) സഹോദരി (B) സന്ന്യാസി

(C) സുന്ദരി (D) താമര

(d) 'ചോല - ചേല' എന്നീ വാക്കുകളുടെ ശരിയായ അർത്ഥവ്യത്യാസം ഏതാണ് ?

(A) സത്യം - അർത്ഥം (B) മുതുക് - മറുവശം

(C) സംശയം - നാണം (D) തണൽ - വസ്ത്രം

(e) 'അമ്മമഹി' എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥം ഏത് ?

(A) അമ്മയാകുന്ന മഹി (B) അമ്മയുടെ മഹി

(C) അമ്മയും മഹിയും (D) അമ്മയോ മഹിയോ

(f) 'യുഗം' എന്ന പദത്തിന്റെ നാനാർത്ഥം അല്ലാത്തത് ഏതാണ് ?

(A) കാലം (B) ഇരട്ട

(C) നുകം (D) ഉത്സവം

(g) 'ജനങ്ങൾ ഇല്ലാത്ത ' എന്നതിന്റെ ഒറ്റപ്പദം ഇവയിൽ ഏതാണ് ?

(A) സുജനം (B) വിജനം

(C) വിഭജനം (D) സ്വജനം

(h) 'ഏതെങ്കിലും' എന്ന പദത്തിന്റെ ശരിയായ പിരിച്ചെഴുത്ത് ഏത് ?

(A) ഏത് + എങ്കിലും (B) ഏതും + എങ്കിലും

(C) ഏതിന് + എങ്കിലും (D) ഏതോ + എങ്കിലും

(i) 'ആര്യൻ ' എന്നതിന്റെ വിപരീതപദം ഏത് ?

(A) ആചാര്യൻ (B) അനാര്യൻ

(C) സുതാര്യൻ (D) സ്വകാര്യൻ

(j) തന്നിരിക്കുന്നതിൽ ശരിയായ പദം കണ്ടെത്തി എഴുതുക.

(A) ജാതിഭേധം (B) ജാതിഭേതം

(C) ജാതിഭേദം (D) ജാതിഭേദ്ദം

## ഡി - വിഭാഗം ( SECTION : D )

**6. തന്നിരിക്കുന്ന 12 ചോദ്യങ്ങളിൽ ഏതെങ്കിലും ഒമ്പതെണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക. (ഓരോന്നിനും 2 മാർക്ക് വീതം)**

**(9 X 2=18)**

(a) (i) ''താനാണോ ഇവരെ വീഴ്ത്തിയിട്ടത് ? '' പാൽക്കാരനോട് ഇങ്ങനെ ചോദിച്ചതാര് ?

(A) ഡ്രൈവർ (B) ഡോക്ടർ

(C) പോലീസുകാരൻ (D) ബോലേറാം

(ii) 'അമ്മ' എന്ന പാഠഭാഗം ഏത് കഥാസമാഹാരത്തിൽ നിന്ന് എടുത്തിട്ടുള്ളതാണ് ?

(A) നെയ്പ്പായസം (B) പുതപ്പ്

(C) കോലാട് (D) തണുപ്പ്

(b) (i) പച്ചത്തണലും കൊത്തിയെടുത്തു കൊണ്ട് അകലേക്ക് പറക്കാൻ ആരോടാണ് പറയുന്നത് ?

(A) കാറ്റിനോട് (B) പറവകളോട്

(C) ഉടമയോട് (D) കുടിയാനോട്

(ii) 'പുളിമാവു വെട്ടി' എന്ന കവിത എഴുതിയതാരാണ് ?

(A) ഇടശ്ശേരി (B) ചെറുശ്ശേരി

(C) വൈലോപ്പിള്ളി (D) സുഗതകുമാരി

(c) (i) ആഗോള മാർക്കറ്റിൽ വിളകളുടെ പോഷക മൂല്യത്തേക്കാൾ പ്രാധാന്യം കൽപ്പിച്ചിരിക്കുന്നത് എന്തിനാണ് ?

(A) ഗുണത്തിന് (B) വലുപ്പത്തിന്

(C) ദൃശ്യചാരുതയ്ക്ക് (D) പരസ്യത്തിന്

(ii) 'ഭക്ഷണവും ആരോഗ്യവും' എന്ന പാഠഭാഗം ഏത് സാഹിത്യ വിഭാഗത്തിൽപ്പെടുന്നു ?

(A) ചെറുകഥ (B) കവിത

(C) നാടകം (D) ലേഖനം

(d) (i) "മറ്റുള്ളവരെ പോലെ ഇവരും ദൈവത്തിന്റെ മക്കളാണ് "ആരുടെ വാക്കുകളാണിത് ?

(A) ശ്രീനാരായണഗുരുവിന്റെ (B) ശ്രീബുദ്ധന്റെ

(C) നടരാജഗുരുവിന്റെ (D) അയ്യങ്കാളിയുടെ

(ii) 'അരുവിപ്പുറത്തുനിന്ന് ഒരു സന്ദേശം' എന്ന പാഠഭാഗം എഴുതിയതാര് ?

(A) എൻ. വി. കൃഷ്ണവാര്യർ (B) പി. കെ. ഗോപാലകൃഷ്ണൻ

(C) കെ. എസ്. രവികുമാർ (D) എം. പി. പരമേശ്വരൻ

(e) (i) "അല്ലലാലങ്ങു ജാതി മറന്നിതോ ? " ആരെയാണിവിടെ ' അങ്ങ് 'എന്ന് വിശേഷിപ്പിക്കുന്നത് ?

(A) മാതംഗിയെ (B) ചാമർ നായകനെ

(C) കവിയെ (D) ആനന്ദഭിക്ഷുവിനെ

(ii) ബുദ്ധഭിക്ഷു മാതംഗിയെ എന്തു വിളിച്ചാണ് സംബോധന ചെയ്തത് ?

(A) കൂട്ടുകാരി (B) സുന്ദരി

(C) സഹോദരി (D) പ്രാണസഖി

(f) (i) "ആ തെരുവിൽ ഒരു പൊളിഞ്ഞ പാവയെപ്പോലെ അങ്ങനെ കൊഴിഞ്ഞു കിടന്നു" കഥാകാരി ആരെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത് ?

(A) പാൽക്കാരനെക്കുറിച്ച് (B) വൃദ്ധയെക്കുറിച്ച്

(C) ടാക്സിക്കാരനെക്കുറിച്ച് (D) മക്കളെക്കുറിച്ച്

(ii) ''എനിക്കു കണ്ണില്ലെന്നുണ്ടോ? എനിക്കു തലയ്ക്കു നൊസ്സുണ്ടോ? ''
പാൽക്കാരന്റെ ഈ വാക്കുകളിൽ സൂചിതമാകുന്ന ഭാവം എന്താണ് ?

(A) അത്ഭുതം (B) അഹങ്കാരം

(C) സന്തോഷം (D) പ്രതിഷേധം

(g) (i) കുമാരനാശാൻ എഴുതിയ ഖണ്ഡകാവ്യം ഏത് ?

(A) ഉമാകേരളം (B) ചണ്ഡാലഭിക്ഷുകി

(C) ചിത്രയോഗം (D) ആയിഷ

(ii) തന്നിരിക്കുന്നതിൽ ആധുനിക കവിത്രയത്തിൽപ്പെടാത്ത കവിയേത് ?

(A) കുമാരനാശാൻ (B) വള്ളത്തോൾ

(C) ഉള്ളൂർ (D) എഴുത്തച്ഛൻ

(h) (i) പാടത്തിന്റെ കരയ്ക്ക് കുടിയാന്റെ കുടിലിന്റെ അടയാളമായി നിന്നത് എന്താണ് ?

(A) ബങ്കളാവ് (B) ഗിരിശൃംഗം

(C) ഭൂചക്രം (D) പുളിമാവ്

(ii) പാലക്കാടൻ കുളിർകാറ്റ് എന്തുമായിട്ടാണ് ഓടിവന്നത് ?

(A) പൂങ്കുല (B) പൂനിലാവ്

(C) പൂത്തിരി (D) പൂന്തേൻ

(i) (i) ''ആഗോളചികിത്സാവ്യവസായികൾക്ക് കൂടുതൽ കൂടുതൽ ഉപഭോക്താക്കളെ ഉണ്ടാക്കി കൊടുക്കുക'' എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നത് എന്താണെന്നാണ് ലേഖകൻ പറയുന്നത് ?

(A) പോഷകാഹാര വിദഗ്ധർ (B) ആഗോളഭക്ഷ്യവ്യവസ്ഥ

(C) ഒറ്റവിളക്കൃഷിസമ്പ്രദായം (D) പ്രാദേശികഭക്ഷ്യവ്യവസ്ഥ

(ii) പുറമേ ചെറിയ പാടുകളുള്ള ഭക്ഷ്യവസ്തുക്കൾ മോശമാണെന്ന് വിധിയെഴുതുന്നത് എന്തു കൊണ്ടാണ് ?

(A) ശാസ്ത്രീയബോധം കൊണ്ട് (B) രോഗഭീതി കൊണ്ട്

(C) അജ്ഞത കൊണ്ട് (D) ഗുണമേന്മയില്ലാത്തതു കൊണ്ട്

(j) (i) എവിടെ വച്ചാണ് ശ്രീനാരായണഗുരുവിന്റെ നേതൃത്വത്തിൽ ശിവരാത്രി ആഘോഷം സംഘടിപ്പിച്ചത് ?

(A) അരുവിപ്പുറത്ത് വച്ച് (B) ആലുവയിൽ വച്ച്

(C) ശിവഗിരിയിൽ വച്ച് (D) കരമനയിൽ വച്ച്

(ii) ഹിംസ കലശലായിരിക്കുന്ന ദേശകാലങ്ങളിൽ ജഗത്ഗുരുക്കന്മാർ മറ്റു ധർമ്മങ്ങളെക്കാൾ മുഖ്യത കൽപ്പിക്കുന്നത് എന്തിനാണ് ?

(A) ഹിംസാമാർഗത്തിന് (B) ആത്മീയതയ്ക്ക്

(C) അഹിംസാധർമത്തിന് (D) ധാർമികതയ്ക്ക്

(k) (i) ''ഈ ചോദ്യം പണ്ടൊരിക്കലും താൻ കേട്ടുവല്ലോ'' ഏത് ചോദ്യം കേട്ടപ്പോഴാണ് വൃദ്ധ ഇങ്ങനെ ആലോചിച്ചത് ?

(A) എന്തുപറ്റി അമ്മേ? (B) അമ്മയ്ക്കു വേദനിക്കുന്നുണ്ടോ?

(C) നിങ്ങൾക്കും ഒരമ്മയില്ലേ? (D) ഇത് നിങ്ങളുടെ അമ്മയാണോ?

(ii) നിലത്തുവീണ അമ്മയെ സഹായിക്കാൻ ആദ്യം എത്തിയതാരാണ് ?

(A) പത്രക്കാരൻ (B) പാൽക്കാരൻ

(C) മീൻകാരൻ (D) പൊലീസുകാരൻ

(I) (i) “തളിർനാക്കു കടിച്ചേ നില്പായീ ” തളിർനാക്ക് കടിച്ച് നിൽക്കുന്നത് ആരാണ് ?

(A) പുളിമാവ് (B) ചക്കരമാവ്

(C) നാട്ടുമാവ് (D) ഒട്ടുമാവ്

(ii) ‘’സ്വന്തം മാറ,ത്തമ്മ മഹിക്കെരി-

തീക്കനൽ വീണാൽ വീണോട്ടേ ” ഈ വരികളിൽ പ്രകടമാകുന്നതെന്ത് ?

(A) സമത്വാവബോധം (B) മാനവികത

(C) മനുഷ്യന്റെ ലാഭക്കൊതി (D) പ്രകൃതിസ്നേഹം

**7. തന്നിരിക്കുന്നവയിൽ ഏതെങ്കിലും മൂന്ന് ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും 3 മാർക്ക് വീതം) (3X 3 = 9)**

a) ഏതുതരം ഭക്ഷ്യവസ്തുക്കളാണ് സ്വാദിലും ഗുണമേന്മയിലും മെച്ചപ്പെട്ടത് ?

b) "അമ്മ എന്ന കഥയിലെ ബോലേറാം മാനവികതയുടെ പ്രതീകമാണ് ’’ വിശദീകരിക്കുക.

c) "ഒരു വിധി പ്രസ്താവിക്കാതെ തന്നെ ഗുരുവിന്റെ നിർദ്ദേശം ജനങ്ങൾ നടപ്പിലാക്കി - സ്വന്തം അന്തരാത്മാവിന്റെ ശബ്ദത്തോട് പ്രതികരിക്കുന്നത് പോലെ. " സന്ദർഭം എഴുതി വിശദീകരിക്കുക.

d) പ്രാദേശിക ഭക്ഷ്യവ്യവസ്ഥയുടെ ആവശ്യകത എന്ത് ?

**8. തന്നിരിക്കുന്നവയിൽ ഏതെങ്കിലും മൂന്ന് ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക. (ഓരോന്നിനും 3 മാർക്ക് വീതം) (3X 3 = 9)**

a) പിന്നെത്തർക്കം പറഞ്ഞില്ലയോമലാൾ-

തന്വിയാണവൾ കല്ലല്ലിരുമ്പല്ല " ഈ വരികളിൽ കവി ഉദ്ദേശിക്കുന്നതെന്ത് ?

b) മാതംഗിയെ കവി വർണിച്ചിരിക്കുന്നതെങ്ങനെ ?

c) പുളിമാവ് വെട്ടിയപ്പോൾ പ്രകൃതിയിൽ ഉണ്ടായ പ്രതികരണങ്ങൾ എന്തെല്ലാം ?

d) മാതംഗി തന്നെ സ്വയം പരിചയപ്പെടുത്തിയതെങ്ങനെ ?

***